"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

JD, 31/12

**സംഗ്രഹം**

**സാമൂഹ്യനീതി വകുപ്പ് - പ്രൊബേഷൻ ആന്റ് ആഫ്റ്റർ കെയർ - നിലവിലുള്ള ധനസഹായ പദ്ധതികളിൽ കാലാനുസൃതമായ മാറ്റം വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

സാമൂഹ്യനീതി (എ) വകുപ്പ്

G.O.(Rt)No.607/2021/SJD തീയതി,തിരുവനന്തപുരം, 28/12/2021

---

പരാമർശം:- സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 5/11/2019 ലെ സി1/2903/19 നം കത്ത്

**ഉത്തരവ്**

സംസ്ഥാനത്ത് കുറ്റകൃത്യങ്ങൾ കുറയ്ക്കുന്നതിനും ചെറിയ കുറ്റങ്ങൾക്ക് ജയിൽ ശിക്ഷയ്ക്കു പകരം നല്ലനടപ്പ് നിർബന്ധമാക്കുന്നതിനും കഴിയും വിധം സാമൂഹ്യനീതി വകുപ്പ് നടപ്പാക്കുന്ന സേവന പദ്ധതിയാണ് പ്രൊബേഷൻ & ആഫ്റ്റർ കെയർ സർവ്വീസസ്. വധശിക്ഷയോ ജീവപര്യന്തമോ ശിക്ഷ വിധിയ്ക്കാവുന്ന കുറ്റങ്ങൾ, പ്രൊബേഷൻ നിയമത്തിന്റെ ആനുകൂല്യം നൽകരുതെന്ന് പ്രത്യേകം വ്യവസ്ഥ ചെയ്ത ചില നിയമങ്ങൾ പ്രകാരമുള്ള കുറ്റങ്ങൾ എന്നിവ ഒഴികെയുള്ള കുറ്റകൃത്യം ചെയ്തവരെ ജയിൽ ശിക്ഷയ്ക്ക് പകരം ഒരു വർഷം മുതൽ 3 വർഷം വരെ ജില്ലാ പ്രൊബേഷൻ ഓഫീസറുടെ റിപ്പോർട്ടിൻമേൽ നല്ലനടപ്പ് ജാമ്യത്തിൽ വിട്ടയയ്ക്കുന്നതിനു വ്യവസ്ഥ ചെയ്തിട്ടുള്ള Probation of Offenders Act 1958, വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു. ഈ രീതിയിൽ കുറ്റകൃത്യങ്ങൾ പരമാവധി കുറഞ്ഞ ഒരു സമൂഹം സൃഷ്ടിക്കുന്നതിന് പ്രൊബേഷൻ സംവിധാനം വഴി സാധിക്കും. പ്രൊബേഷൻ ആന്റ് ആഫ്റ്റർ കെയർ സംവിധാനവുമായി ബന്ധപ്പെട്ട നിലവിലുള്ള ധനസഹായ പദ്ധതികളിൽ കാലാനുസൃതമായ മാറ്റം വരുത്തണമെന്ന് പരാമർശപ്രകാരം സാമൂഹ്യനീതി ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2) സാമൂഹ്യനീതി ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ വിശദമായി പരിശോധിച്ചു. പ്രൊബേഷൻ ആന്റ് ആഫ്റ്റർ കെയർ സംവിധാനവുമായി ബന്ധപ്പെട്ട നിലവിലുള്ള വിവിധ ധനസഹായ പദ്ധതികളിൽ കാലാനുസൃതമായ മാറ്റം വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3) പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

Shibu R

Deputy Secretary

പകർപ്പ്

ഡയറക്ടർ, സാമൂഹ്യ നീതി വകുപ്പ് തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ/ (എ & ഇ) ) കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ്

ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്

വെബ് & ന്യൂ മീഡിയ വിഭാഗം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ ശേഖരം/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

## അനുബന്ധം

## I തടവുകാരുടെ ആശ്രിതർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള സാമൂഹ്യ പ്രതിരോധ പദ്ധതി

### നിബന്ധനകൾ

1. അഞ്ച് വർഷത്തേക്കോ അതിൽ കൂടുതൽ കാലത്തേക്കോ ശിക്ഷിക്കപ്പെട്ട് ജയിലിലായ വ്യക്തികളുടെ അശ്രിതർക്കാണ് ധനസഹായത്തിനുള്ള അർഹത ഉണ്ടായിരിക്കുക. ഒരു കുടുംബത്തിൽ നിന്നും ഒരാളെ മാത്രമേ ധനസഹായത്തിന് പരിഗണിക്കുകയുള്ളൂ.

2. തടവുകാരുടെ ആശ്രിതരെന്ന നിലയിൽ ഭാര്യ/ ഭർത്താവ്, തൊഴിൽ രഹിതരും അവിവാഹിതരുമായ മകൻ/മകൾ എന്നിവരുടെ അപേക്ഷകൾക്ക് പ്രഥമ പരിഗണന നൽകണം. ഇവരുടെ അഭാവത്തിൽ/ ഇവർ അപേക്ഷിക്കാത്ത സാഹചര്യത്തിൽ വിധവയോ/ ഭർത്താവ് ഉപേക്ഷിച്ചതോ/ വിവാഹ മോചിതയോ ആയ മകൾ, 55 വയസിന് താഴെ പ്രായമുള്ള മാതാവ് പിതാവ് എന്നിവർക്കും അപേക്ഷിക്കാൻ അർഹത ഉണ്ടായിരിക്കും.

3. അപേക്ഷയോടൊപ്പം അപേക്ഷകൻ/അപേക്ഷക താമസിക്കുന്ന സ്ഥലത്തെ വാർഡ് മെമ്പർ/ കൗൺസിലറുടെ സാക്ഷ്യപത്രം, 5 വർഷമോ അതിൽ കൂടുതലോ ജയിൽ ശിക്ഷ വിധിക്കപ്പെട്ടത് സംബന്ധിച്ച് ജയിൽ സൂപ്രണ്ടിന്റെ സാക്ഷ്യപത്രം എന്നിവ ഹാജരാക്കേണ്ടതാണ്.

4. ദരിദ്ര പശ്ചാത്തലത്തിലുള്ളവർക്കാണ് അപേക്ഷിക്കാൻ കഴിയുക. ആയത് ബന്ധപ്പെട്ട പ്രൊബേഷൻ ഓഫീസർമാർ സാക്ഷ്യപ്പെടുത്തിയിരിക്കണം.

5. ധനസഹായത്തിനുള്ള അപേക്ഷയിൽ ബന്ധപ്പെട്ട പ്രൊബേഷൻ ഓഫീസർമാർ അന്വേഷണം നടത്തി വിശദമായ അന്വേഷണ റിപ്പോർട്ടും ശുപാർശയും മുൻഗണനാ ക്രമവും രേഖപ്പെടുത്തി സമർപ്പിക്കേണ്ടതും ആയത് ഫണ്ട് ലഭ്യതയ്ക്ക് അനുസൃതമായി മാത്രം പരിഗണിക്കേണ്ടതുമാണ്.

6. കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളവരെ ധനസഹായത്തിന് പരിഗണിക്കുന്നതല്ല.

### ധനസഹായം

30000/- (മുപ്പതിനായിരം രൂപ മാത്രം) രൂപ.

I | വനിതാ തടവുകാരുടെയും കുടുംബനാഥൻമാർ ജയിലിൽ കഴിയുന്നതിനാൽ വനിതകൾ ഗൃഹനാഥകളായിട്ടുള്ള കുടുംബങ്ങൾക്കുള്ളിലെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ധനസഹായം.

| ക്രമ നം | കുട്ടി പഠിക്കുന്ന ക്ലാസ് | പ്രതിമാസം അനുവദിക്കുന്ന തുക |
|---|---|---|
| 1 | ഔപചാരിക വിദ്യാഭ്യാസത്തിന്റെ തുടക്കം മുതൽ 4-ാം ക്ലാസുവരെ | 300 രൂപ വീതം |
| 2 | 5 മുതൽ 10-ാം ക്ലാസ് വരെ | 500 രൂപ വീതം |
| 3 | +1, +2, ITI, പോളിടെക്നിക് കോഴ്സുകൾ/ ഒരു വർഷ ഡിപ്ലോമ | 750 രൂപ വീതം 10 മാസം |
| 4 | സർക്കാർ/ എയ്ഡഡ്/അൺ എയ്ഡഡ് സ്ഥാപനങ്ങളിൽ മെരിറ്റ് സീറ്റിലും പ്രവേശനം നേടിയ ബിരുദ/ പ്രൊഫഷണൽ കോഴ്സുകൾ/ 2 വർഷ / 3 വർഷ ഡിപ്ലോമ കോഴ്സുകൾ ഒരുവർഷത്തിൽ കുറയാത്ത കമ്പ്യൂട്ടർ കോഴ്സുകൾ | 1000 രൂപ വീതം |
| 5 | ബിരുദാനന്തര ബിരുദം/ എം.ഫിൽ കോഴ്സുകൾ | 1500 രൂപ വീതം |

നിബന്ധനകൾ

1. തടവുകാരൻ കഴിയുന്ന ജയിൽ സൂപ്രണ്ട് /ജില്ലാ പ്രൊബേഷൻ ഓഫീസർ വഴി അപേക്ഷിക്കണം.

2. കുട്ടിയുടെ കാര്യത്തിൽ ജയിലിൽ കഴിയുന്ന രക്ഷിതാവ്/ രക്ഷിതാക്കൾ താത്പര്യം എടുക്കാത്ത സാഹചര്യത്തിൽ കുട്ടിയുടെ ഇപ്പോഴത്തെ രക്ഷിതാവിന് ജില്ലാ പൊബേഷൻ ഓഫീസർക്കും അപേക്ഷ സമർപ്പിക്കാവുന്നതാണ്.

3. ദരിദ്ര പശ്ചാത്തലത്തിലുള്ള കുടുംബത്തിൽപെട്ട കുട്ടികൾ ആയിരിക്കണം.

4.കുട്ടിക്ക് അനുവദിക്കപ്പെട്ട തുക കുട്ടിയുടെയും രക്ഷിതാവിന്റെയും സംയുക്ത അക്കൗണ്ടിലേക്ക് കൈമാറണം.

5. ജില്ലാ പ്രൊബേഷൻ ഓഫീസർക്ക്/ ജയിൽ സൂപ്രണ്ടിന് ലഭ്യമാവുന്ന അപേക്ഷ വ്യക്തമായ ശുപാർശയോടെ സാമൂഹ്യ നീതി ഡയറക്ടർക്ക് സമർപ്പിക്കണം.

III ശിക്ഷാ തടവുകാരുടെ മക്കൾക്ക് പ്രൊഫഷണൽ വിദ്യാഭ്യാസ ധനസഹായം

ധനസഹായം നൽകാവുന്ന കോഴ്സുകൾ

സംസ്ഥാനത്തുള്ള സർക്കാർ/ എയ്ഡഡ്/ അൺ എയ്ഡഡ് (മെറിറ്റ് സീറ്റ് മാത്രം) കോളേജുകളിലെ ഡിഗ്രി തലത്തിലുള്ള പ്രൊഫഷണൽ കോഴ്സുകൾ.

നിബന്ധനകൾ

1 . ജയിലിൽ കഴിയുന്നവരുടെ കുടുംബം/ ഇപ്പോൾ സംരക്ഷിക്കുന്ന കുടുംബം തീർത്തും ദരിദ്ര പശ്ചാത്തലത്തിൽ കഴിയുന്നവരോ ബി.പി.എൽ പട്ടികയിൽപ്പെട്ടവരോ ആയിരിക്കണം. ബി.പി.എൽ. പട്ടികയിൽപ്പെട്ടതല്ലാത്ത ദരിദ്രപശ്ചാതലത്തിൽ കഴിയുന്നവരുടെ കാര്യത്തിൽ ജില്ലാ പ്രൊബേഷൻ ഓഫീസറുടെ ശിപാർശ പരിഗണിക്കാം.

2.ശിക്ഷാ കാലാവധി അഞ്ച് വർഷത്തിലധികമോ ജീവ പര്യന്തമോ/ വധശിക്ഷയോ അയിരിക്കണം.

3.സർക്കാർ മെരിറ്റിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾ ആയിരിക്കണം.

4.ഒരു കുടുംബത്തിൽ ഒന്നിൽകൂടുതൽ കുട്ടികളുണ്ടെങ്കിലും ആനുകൂല്യം നൽകുന്നതാണ്.

അപേക്ഷ സ്വീകരിക്കൽ

1.തടവുകാരൻ കഴിയുന്ന ജയിൽ സൂപ്രണ്ടുമാർ വഴിയോ, കുട്ടി കഴിയുന്ന ജില്ലാ പ്രൊബേഷൻ ഓഫീസ് വഴിയോ അപേക്ഷ സമർപ്പിക്കാം.

2 . കുട്ടിയുടെ ദരിദ്ര പശ്ചാത്തലം വ്യക്തമാക്കുന്നതിന് അപേക്ഷയോടൊപ്പം ബി.പി.എൽ റേഷൻ കാർഡിന്റെ പകർപ്പോ ജില്ലാ പ്രൊബേഷൻ ഓഫീസറുടെ ശുപാർശയോ ഉണ്ടായിരിക്കണം.

3.കോളേജിൽ നിന്നുള്ള വാർഷിക ഫീസ്, ഹോസ്റ്റൽ ഫീസ്, കോളേജിന്റെ ബാങ്ക് അക്കൗണ്ട് നമ്പർ IFSC കോഡ്, മെറിറ്റ് സീറ്റിൽ പ്രവേശനം നേടിയതാണെന്നുള്ളതിന്റെ രേഖപ്പെടുത്തലുകൾ എന്നിവ സഹിതമുള്ള കോഴ്സ് സർട്ടിഫിക്കറ്റ്, സർട്ടിഫിക്കറ്റ് ഇഷ്യൂ ചെയ്ത തീയതി എന്നിവ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം.

4 . തടവുകാരന്റെയും/തടവുകാരിയുടെയും പേരുകൾ ഒരേ റേഷൻ കാർഡിൽ ഉൾപ്പെട്ടിട്ടില്ലാത്ത സാഹചര്യത്തിൽ തടവ് അനുഭവിക്കുന്ന വ്യക്തിയുടെ മകൻ/ മകളാണ് കുട്ടി എന്ന് തെളിയിക്കുന്നതിന് ജില്ലാ പ്രൊബേഷൻ ഓഫീസറുടെ വ്യക്തമായ ശുപാർശ ഉണ്ടായിരിക്കണം.

5. മാതാപിതാക്കൾ രണ്ടുപേരും ജയിലിൽ കഴിയുന്ന പക്ഷം കുട്ടിയെ സംരക്ഷിക്കുന്ന ബന്ധുവിന് ബന്ധു/ ചൈൽഡ് വെൽഫയർ കമ്മിറ്റി തീരുമാനിച്ച രക്ഷിതാവിന് ജില്ലാ പ്രൊബേഷൻ ഓഫീസറുടെ അന്വേഷണത്തിന്റെയും ശുപാർശയുടെയും അടിസ്ഥാനത്തിൽ ധനസഹായം നൽകാവുന്നതാണ്.

6 . തടവിൽ കഴിയുന്ന വ്യക്തി അപേക്ഷ നൽകാൻ തയ്യാറാകാത്ത സാഹചര്യത്തിൽ കുട്ടിയുടെ ഉപ്പോഴത്തെ രക്ഷിതാവിന്/ കുട്ടിക്ക് ജില്ലാ പ്രൊബേഷൻ ഓഫീസർ വഴി അപേക്ഷ നൽകാവുന്നതാണ്. അപേക്ഷയോടൊപ്പം കുട്ടിയുടെ മാതാവ്/ പിതാവ് തടവിൽ കഴിയുകയാണെന്ന് ജയിൽ സൂപ്രണ്ടിന്റെ സർട്ടിഫിക്കറ്റ് സമർപ്പിക്കണം. ലഭിക്കുന്ന അപേക്ഷയിന്മേൽ അന്വേഷണം നടത്തി വ്യക്തമായ ശുപാർശയോടെ ജില്ലാ പ്രൊബേഷൻ ഓഫീസർ സാമൂഹ്യ നീതി ഡയറക്ടർക്ക് സമർപ്പിക്കണം.

<u>അപേക്ഷയിന്മേലുള്ള തുടർ നടപടി</u>

1 . ജയിൽ സൂപ്രണ്ടുമാർ/ ജില്ലാ പ്രൊബേഷൻ ഓഫീസർമാർ അപേക്ഷകൾ പരിഗണിച്ച് ശുപാർശ സഹിതം സാമൂഹ്യ നീതി ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്. അപേക്ഷയും അനുബന്ധ രേഖകളും പരിശോധിച്ച് അർഹത നേടുന്ന പക്ഷം യഥാർത്ഥ വർഷിക ഫീസും ഹോസ്റ്റൽ ഫീസും ഉൾപ്പെടുന്ന തുക വിദ്യാഭ്യാസ സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് ഒറ്റതവണയായി സാമൂഹ്യ നീതി ഡയറക്ടർ ക്രഡിറ്റ് ചെയ്ത് നൽകേണ്ടതാണ്.

2. 2 വർഷത്തേക്കെങ്കിലും ശിക്ഷിക്കപ്പെട്ട തടവുകാരുടെ മക്കൾക്ക് മാത്രമെ ധനസഹായം നൽകാൻ പാടുള്ളൂ. കൂടാതെ തുക നൽകേണ്ടത് ഇ-ഗ്രാന്റ്സ് ആയിട്ടായിരിക്കണം.

3. 5 വർഷത്തിൽ അധികം കാലത്തേയ്ക്ക് ജയിൽ ശിക്ഷ അനുഭവിച്ചുവരുന്ന തടവുകാരുടെ മക്കൾക്ക് ഡിഗ്രി തലത്തിലുള്ള പ്രൊഫഷണൽ വിദ്യാഭ്യാസത്തിനായി മേൽപ്പറഞ്ഞ നിബന്ധനക്ക വിധേയമായി ഒരു കുട്ടിക്ക് പരമാവധി ഒരു ലക്ഷം രൂപ എന്ന നിബന്ധനയിൽ സർക്കാർ നിരക്കിലുള്ള ഫീസ് (വാർഷിക ഫീസും ഹോസ്റ്റൽ ഫീസും ഉൾപ്പെടെ) അനുവദിക്കുന്നു.